കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ(പി6)1908/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN 680 020തിയ്യതി 04.11.2016
Ph.No. 0487 – 2331249
e-mail id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

നെന്മണിക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്ത് - .2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്.

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ(പി6)1908/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN 680 020
തിയ്യതി 04.11.2016
Ph.No. 0487 – 2331249
e-mail id : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ .2015-16സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.03.2016 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നല്കിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| സ്ഥാപനം | നെന്മണിക്കര ഗ്രാമ പഞ്ചായത്ത്. |
| വിസ്തീർണ്ണം | 11.41.ച.കീമി |
| ജനസംഖ്യ | 22002 |
| വാർഡുകളുടെ എണ്ണം | 15 |
| ആകെ ജീവനക്കാരുടെ എണ്ണം | 19 |
| സ്ഥിരം | 15 |
| താൽക്കാലികം | ഇല്ല |
| കരാറടിസ്ഥാനത്തിൽ | 4 |
| ആകെ | 19 |
| ഓഡിറ്റ് തിയ്യതി | 13.10.2016 മുതൽ 20.10.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | അൻവർ അലി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | | |
| 2 | പി.ജെ.തോമസ് | അസി.ഓഡിറ്റ് ഓഫീസർ |
| 3 | പ്രസാദ് പി. ജി | സീ.ഗ്രേഡ് ഓഡിറ്റർ |
| 4 | സുനിത.ആർ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ ടി.എസ് ബൈജു | 1.4.2015-31.10.2015 |
| | ശ്രീമതിഷീല മനോഹരൻ | 19.11.2015-31.3.2016 |
| സെക്രട്ടറി | ശ്രീപി.ബി സുഭാഷ് | 1.4.2015-11.5.2015 |
| | ശ്രീമതിപി. ഉമ ഉണ്ണികൃഷ്ണൻ | 12.5.2015-23.7.2015 |
| | ശ്രീ പി.എസ്.വത്സൻ | 24.7.2015-31.3.2016 |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി. സെക്രട്ടറി | പി.ഉമ ഉണ്ണികൃഷ്ണൻ | 1.4.2015-24.7.2015 (25.7.2015-18.8.2015 ഒഴിവ്) |
| | എം.ആർ അജിത | 19.8.2015-14.9.2015 |
| | കെ.അജിത | 15.9.2015-31.3.2016 |
| അസി എഞ്ചിനീയർ | അന്ന .പി.പ്രഭ | 1.4.2015-31.3.2016 |
| കൃഷി ഓഫീസർ | ഷീബ ജോർജ് .കെ | 1.4.2015 -31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഗ്രേസി .ടി.പി | 1.4.2015-31.3.2016 |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി, | ഡോ. സജി .എസ് | 1.4.2015-27.3.2016 |
| | ഡോ.തൃഷ്ണ ചന്ദ്രൻ | 28.3.2016-31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.പ്രദീപ്.സി.എ | 1.4.2015-31.3.2016 |
| വിഇഒ, തലോർ | വി.എം മാലിനി | 1.4.2015-25.11.2015 |
| | ലിൻസൺ ഡേവിസ് | 26.11.2015-31.3.2016 |
| വിഇഒ, നെൻമണിക്കര | ലിൻസൺ ഡേവിസ് | 1.4.2015-31.3.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഇഷ മുരളി | 1.4.2015-31.3.2016 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

| ക്രമ നം | ഇനം | ഖണ്ഡിക നം |
|---|---|---|

| | | |
|---|---|---|
| 1 | ഡി & ഒ ലൈസൻസ് . | 2(1) |
| 2 | സേവന ഉപനികുതി | 2(2) |

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അസാധാരണ ചെലവുകൾ ` | 3(1) |
| 2 | മീഡിയാശ്രീ- കുടുംബശ്രീ മിഷൻറെ സഹകരണത്തോടെ തയ്യാറാക്കുന്ന ഡോക്യുമെൻററി - പദ്ധതി പൂർത്തീകരണം സംബന്ധിച്ച്. | 3(2) |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ -അപാകത | 3(3) |
| 4 | മരാമത്തു പ്രവൃത്തികളിലെ അപാകതകൾ | 3(4) |
| 5 | ആശ്രയ പദ്ധതി അവലോകനം | 3(5) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7<br>8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.<br>ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(7)<br>4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016<br>( പുതുക്കിയത്) |

1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തിയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 19.7.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി- 20737730

വരവ്- 32576891

ആകെ- 53314621

ചെലവ്- 40582646

നീക്കിബാക്കി- 12731975

1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1462368 | 5501333 | 6963701 | 6963701 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1168788 | 3824000 | 4992788 | 3955556 | 1023788 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 31000 | 31000 | 18258 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 140863 | 5209000 | 5349863 | 4901398 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 860888 | 2320000 | 3180888 | 2038555 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1172475 | 3132358 | 4304833 | 3675979 | 2303767 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 2173778 | - | 2173778 | 1714768 | 2173778 | 0 |

1-6 <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 155 | 120 | 20 | 15 | 77.71 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 38 | 29 | 8891650 | 5628335 |
| അസി. സെക്രട്ടറി | 10 | 7 | 2545900 | 1863094 |
| അസി എഞ്ചിനീയർ | 69 | 66 | 17332455 | 13816330 |
| കൃഷി ഓഫീസർ | 5 | 5 | 1425700 | 1203193 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 9 | 8 | 2913600 | 2104815 |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി, | 10 | 9 | 1590000 | 1323973 |
| വെറ്ററിനറി സർജൻ | 3 | 3 | 1050000 | 1063252 |
| വിഇഒ | 10 | 7 | 3310400 | 1420000 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 178547 | 153547 |

1-7 <u>തനത് വരുമാനം.</u>

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9053123 | 6024212 | 3028911 | -33 |
| നികുതിയേതര വരവുകൾ | 915621 | 1239065 | 323444 | +135 |
| മറ്റ് വരവുകൾ | 40615 | 42205 | 1590 | +4% |

| | | | | |
|---|---|---|---|---|
| ആകെ | 10009359 | 7305482 | 2703877 | +27 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തിവ | നിരസിച്ചവ |
|---|---|---|---|---|
| 01 | കർഷകത്തൊഴിലാളി പെൻഷൻ | 18 | 4 | 7 |
| 02 | തൊഴിൽ രഹിത വേതനം | 26 | 20 | 16 |
| 03 | വിധവ പെൻഷൻ | 96 | 46 | 7 |
| 04 | വികലാംഗ പെൻഷൻ | 16 | 7 | 5 |
| 05 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻ | 6 | 4 | 1 |
| 06 | വാർദ്ധക്യകാല പെൻഷൻ | 367 | 20 | 28 |

1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4193രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നടത്തിയ തീയ്യതി | | തീയ്യതി | പരാമർശങ്ങൾ |
| 1 | പെർഫോമൻസ് ഓഡിറ്റ് | 7.9.206 | ആഗസ്റ്റ് 2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 3.9.2010 | 2005-2010 | 3.11.2010 | ഇല്ല |

1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ്

2015-16 വർഷം ആകെ 544 ലൈസൻസ് അപേക്ഷകളാണ് പഞ്ചായത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത്. ഡി & ഒ ലൈസൻസ് ഫീസിനത്തിലെ തൻവർഷത്തെ വരവ് 253020/- രൂപയാണ്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വന്നുവോ എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനം ഇല്ല . (ലൈസൻസില്ലാതെ പ്രവർത്തിച്ചതിന് 2015-16ൽ സ്ഥാപനങ്ങൾ പിഴ ഈടാക്കിയിട്ടുണ്ട്.)ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതിനും മുഴുവൻ കച്ചവട/ ബിസിനസ് സ്ഥാപനങ്ങളും നിയമാനുസൃതമായി ലൈസൻസോടുകൂടി മാത്രം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-2 സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻറേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിൻറെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും, ഡ്രയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്.

എന്നാൽ പഞ്ചായത്തിൽ ഈയിനത്തിൽ നികുതി ചുമത്തതിനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസാധാരണ ചെലവുകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. അസാധാരണ ചെലവുകൾ

നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മീഡിയാശ്രീ- കുടുംബശ്രീ മിഷൻറെ സഹകരണത്തോടെ തയ്യാറാക്കുന്ന ഡോക്യുമെൻററി - പദ്ധതി പൂർത്തീകരണം സംബന്ധിച്ച്.

പ്രൊജക്ട് നം. S0 100/2015

പ്രൊജക്ട് : മീഡിയാശ്രീ കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ തയ്യാറാക്കുന്ന ഡോക്യുമെൻററി

എസ്റ്റിമേറ്റ് : 73125/- ( 13th FC അവാർഡ് തുക- 65000/- രൂപ + തനത് ഫണ്ട് - 8125 രൂപ)

ചെലവ് : 65000/- രൂപ (DD No.130356 dt 15.07.2015 തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പുതുക്കാട് ബ്രാഞ്ച്)

(ട്രഷറി ബിൽ നം. 36/15-16 dt 31/3/2016 പ്രകാരം തുക പ്ലാൻ ഫണ്ടിൽ നിന്നും മാറി DD No. 470671/15-16/7.4.2016 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകി തനത് ഫണ്ടിൽ മുതൽക്കൂട്ടി)

കുടുംബശ്രീ സംസ്ഥാന മിഷൻറെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും,വർത്തമാനവും,പദ്ധതികളും,നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങളും ഡോക്യുമെൻററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് മേൽ പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിരുന്നത്.തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പിന്റെ 05.12.2014 ലെ സ.ഉ(സാധാ) നം.3206/2014/ത.സ്വ.ഭ.വ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ തനത് ഫണ്ടിൽ നിന്നോ / വികസന ഫണ്ടിൽ നിന്നോ 65000/- രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പദ്ധതി നടത്തിപ്പിലേക്കായി തനത് ഫണ്ടിൽ നിന്നും DD No.130356/15.7.15 പ്രകാരം 65000/- രൂപ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ സംസ്ഥാന മിഷന് ലഭ്യമാക്കി. കൂടാതെ ട്രഷറി ബിൽ നം. 36/15-16/31.3.2016 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും തുക മാറി DD No.470671/15-16/ 7.4.2016 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയും, സെക്രട്ടറി മേൽ തുക പഞ്ചായത്ത് തനത് ഫണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തു.

പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും, സംസ്ഥാന സാക്ഷരതാ മിഷൻ രണ്ടാം കക്ഷിയായും എത്തിചേർന്ന എഗ്രിമെൻറിലെ വ്യവസ്ഥ 1,2 എന്നിവ പ്രകാരം പദ്ധതിക്കായി സർക്കാർ നിർദ്ദേശിച്ച തുകയും, ഡോക്യുമെൻററി

ചിത്രത്തിൻറെ തിരക്കഥ അംഗീകരിച്ച കത്തും പഞ്ചായത്ത് കുടുംബശ്രീ മിഷന് സമയബന്ധിതമായി കൈമാറണമെന്നും ആയവ ലഭിച്ച് 60 ദിവസത്തിനകം ഡോക്യുമെൻററി ചിത്രത്തിൻറെ 10 പകർപ്പ് കുടുംബശ്രീ മിഷൻ പഞ്ചായത്തിന് ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ വ്യവസ്ഥയ്ക്ക് അനുസൃതമായി ഡോക്യുമെൻററി നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 65000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികൾ -അപാകത

1.മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ,കേരള സ്റ്റേറ്റ് ഹോമിയോപതിക് ഫാർമസി എന്നീ സ്ഥാപനങ്ങൾക്ക് തുക നല്കിയിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ താഴെകൊടുക്കുന്നു

| പ്രോജക്ട് | ട്രഷറി ബിൽ നം തീയതി | ഡി ഡി നം/ തുക | സ്ഥാപനം/ | ലഭ്യമായ മരുന്നു കളുടെ വില | ബാക്കി തുക |
|---|---|---|---|---|---|
| 103/16<br>ജീവിത ശൈലീ രോഗങ്ങൾക്കുള്ള | 13/15-16/<br>29.3.16,<br>7/15-14 | 468667 തീ.2.4.16/<br>14855/-<br>469491 | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി Invoice | 23089 | 26911 |

| | | | | | |
|---|---|---|---|---|---|
| സ്പെഷൽ ക്ലിനിക്കിന്റെ ആവർത്തന ചെലവുകൾ | /14.3.16 | തീ.16.3.16/ 35145 | No.PRS 203/ 21.3.16, PRS142/23.2.16 | | |
| 96/16 സാന്ത്വന പരിചരണ പരിപാടി | 3/15-16 26.2.16 | 469094 തീ,8.3.16/ 66800 | " PRS103/5.3.16 | 55928 | 10872 |
| 101/16 പി.ച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | 6/15-16 26.2.16 | 469093 തീ,8.3.16/ 100000/- | " PRS 101/4.2.16 | 25998 | 74002 |
| 151/16 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 5/15-16 /26.2.16 12/15-16 /30.3.16 | 467578തീ.29.2.16/ 75000/- 468666 തീ.2.4.16/ 25000/- | കേരള സ്റ്റേറ്റ് ഹോമിയോ പതിക് ഫാർമസി PS 1074/1.1.16 | 25000 | 75000 |
| | | | | 130015 | 186785 |

186785 രൂപയുടെ മരുന്നുകൾ മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.വികലാംഗർക്ക് ഉപകരണം വാങ്ങൽ

പ്രോജക്ട് നം -153/15-16,

പദ്ധതി-വികലാംഗർക്ക് ഉപകരണം വാങ്ങൽ

ട്രഷറി ബിൽ നം-8/15-16 /20.3.16

തുക- 474479

മേൽ പദ്ധതി പ്രകാരം 31 ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിനല്കിയിട്ടുണ്ട്.ഇതിൽ 4 ഗുണഭോക്താക്കൾക്ക് നാളിതുവരെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | ഉപകരണം | തുക |
|---|---|---|
| കെ പി സുനിൽ,പാഴായി | KAFORT<br>Gents back strap | 4396<br>1044 |
| സുകുമാരൻ,നാഗത്ത് | Walking stick | 522 |
| ചന്ദ്രൻ. എൻ.ആർ | Pedal exerciser | 3148 |
| സതീശൻ,വടക്കലവളപ്പിൽ | Knee brace | 1676 |
| | | 10786 |

ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ഉപയോഗത്തെ സംബന്ധിച്ച് പരിശീലനത്തിന് കോർപ്പറേഷനിൽ നിന്നും ട്രെയിനി വരുന്നതനുസരിച്ച് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടുണ്ട്. (എൻക്വയറി നം.ഓഡിറ്റ് 6/20.10.16)

## 3-4 മരാമത്തു പ്രവൃത്തികളിലെ അപാകതകൾ

ഓഡിറ്റ് വർഷത്തിലെ മരാമത്ത് പ്രവൃത്തികളിലെ പ്രാഥമിക പരിശോധനയിൽ ഭാഗിക സ്വഭാവമുള്ള 13 റോഡ്/റോഡനുബന്ധ പ്രവൃത്തികൾ ഉൾപ്പെട്ടതായി കണ്ടു. തൽസംബന്ധമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിനു ലഭിച്ച മറുപടിയുടേയും, വിശദ പരിശോധനകളുടേയും വെളിച്ചത്തിൽ കാന/കൽവർട്ട് നിർമ്മാണം ഉൾപ്പെട്ട 4 പ്രവൃത്തികൾ ഭാഗികമല്ല എന്ന് വ്യക്തമായി. മറ്റ് 9 പ്രവൃത്തികളിലെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ വിശദാംശം |
|---|---|---|---|
| 1 | 4 | 29 | തലവണിക്കര അംഗൻവാടി -പുലക്കാട്ടുകര റോഡ് പാർശ്വ സംരക്ഷണവും ഫില്ലിംങ്ങും |
| 2 | 10 | 46 | തച്ചപറമ്പിൽ റോഡ് സോളിംഗ് |
| 3 | 7 | 73 | ചെറുവാൾ ദാദാ കമ്പനി റോഡ് ഫില്ലിംഗും പാർശ്വ സംരക്ഷണവും, സോളിങ്ങും |
| 4 | 10 | 74 | മണ്ടുപ്പറമ്പിൽ റോഡ് സോളിങ്ങ് |
| 5 | 10 | 75 | ശങ്കരയ്യർ റോഡ് സോളിങ്ങ് |
| 6 | 12 | 76 | എറവക്കാട് റൈസ് മിൽ അറക്കപ്പാടം റോഡ് സോളിങ്ങ് |
| 7 | 13 | 77 | ബാല ലക്ഷ്മി - ചാപ്പക്കായൽ റോഡ് ഫില്ലിംങ്ങും സോളിങ്ങും |
| 8 | 9 | 84 | ഓടൻചിറ – വടക്കേമുറി റെയിൽവേ റോഡ് പാർശ്വസംരക്ഷണം. |
| 9 | 3 | 138 | മംഗലൻ റോഡ് ഫില്ലിംങ്ങ് & സോളിങ്ങ് |

മേൽ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്ന സമയത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പൂർണ്ണമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും ഫണ്ടുകളുടെ അപര്യാപ്ത മൂലവും എല്ലാ വാർഡുകളിലേയും വികസനം നടത്തേണ്ടതിനാലും ഭരണസമിതി ആയവ

ഭാഗികമായി ചെയ്യാൻ തീരുമാനിച്ചതായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചത്. (ഓഡിറ്റ് അന്വേഷണം നമ്പർ 5നുള്ള 20.10.2016ലെ മറുപടി പ്രകാരം). തൻവർഷം ആകെയുള്ള 40 റോഡ്/റോഡനുബന്ധ പ്രവൃത്തികളിൽ മേൽ ഭാഗിക പ്രവൃത്തികൾ നടപ്പാക്കിയത് ഏറ്റവും കൂടുതൽ റോഡ് വികസനം നടന്ന വാർഡുകളിൽ തന്നെയാണെന്ന് കാണാവുന്നതാണ്.ആയതിനാൽ എല്ലാ വാർഡുകളിലേയും റോഡ് വികസനത്തിന് തുല്യ പ്രാധാന്യം നൽകുന്നതിനാണ് ഭാഗിക പ്രവൃത്തികൾ ആവിഷ്കരിച്ചതെന്ന മറുപടി അംഗീകരിക്കാനാകില്ല.

ഗ്രാമീണ റോഡുകളുടെ നിർമ്മാണ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകളുടെ മരാമത്ത് പ്രവർത്തികളിൽ ഒരു മുഖ്യ സ്ഥാനമുണ്ട്. ഗ്രാമ സഭാ തീരുമാനത്തിൽ നിന്നാരംഭിച്ച് വിവിധതല അംഗീകാരങ്ങളിലൂടെ കടന്നു പോയ ശേഷം മാത്രം പദ്ധതികൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംവിധാനത്തിൽ ഗ്രാമീണ റോഡുകൾ ചെറുയൂണിറ്റുകളായാണ് പരിഗണിക്കപ്പെടാറ്. ആയിതിനാൽ ടി റോഡുകളുടെ നിർമ്മാണവും സംരക്ഷണവും കഴിയുന്നത്ര പൂർണ്ണതയുള്ള പദ്ധതികളായി വിഭാവനം ചെയ്യുകയും ആവിഷ്കരിക്കുകയം ചെയ്യേണ്ടതുണ്ട്. നിലവിലുള്ള റോഡുകളുടെ കാര്യത്തിൽ ടാറിംങ്ങും സോളിങ്ങും പ്രത്യേക ഭാഗിക പദ്ധതികളായി നടപ്പാക്കുക,പുതിയ റോഡുകളുടെ നിർമ്മാണത്തിൽ കൾവർട്ടുകൾ ഒഴിവാക്കി ആയത് പിന്നീട് ഭാഗിക പദ്ധതികളായി നടപ്പാക്കുക എന്നിവ ഗ്രാമീണ റോഡുകളുടെ കാര്യത്തിൽ ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ ആദ്യ ഘട്ടത്തിൽ 102 ഗുണഭോക്താക്കളെ ഈ പദ്ധതിക്കായി തിരഞ്ഞെടുക്കുകയും 1312300/- രൂപ വകയിരുത്തുകയും ചെയ്തു.എന്നാൽ 850000/- രൂപയുടെ വിവിധ പ്രവർത്തികൾ പൂർത്തീകരിച്ചപ്പോൾ തന്നെ ആദ്യഘട്ടത്തിലെ സേവന പരിചരണ പാക്കേജുകൾ പൂർത്തീകരിക്കാൻ സാധിച്ചു.

തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും വീടിന് സ്ഥലം,വീട്, വീട് അറ്റകുറ്റപ്പണി,കക്കൂസ് നിർമ്മാണം,കുടിവെള്ളം എന്നീ വീഭാഗങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി ആസ്തികൾ കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ രണ്ടാം ഘട്ടത്തിൽ 54 ഗുണഭോക്താക്കളെ മാത്രമാണ് ആശ്രയ പദ്ധതിയിൻകീഴിൽ വിവിധ സേവനപരിചരണ പാക്കേജുകൾ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്തിന് കണ്ടെത്താൻ സാധിച്ചത്.

മേൽ ഗുണഭോക്താക്കൾക്കുവേണ്ടി വിവിധ പ്രവർത്തികളുടെ പൂർത്തീകരണത്തിനായി 827976/- രൂപ വകയിരുത്തി. 257451/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

എന്നാൽ ഒന്നാം ഘട്ടത്തെ അപേക്ഷിച്ച് രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചപ്പോൾ പദ്ധതി നടത്തിപ്പിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പ്രധാനമായും താഴെ പറയുന്നവയാണ് ഇതിന് കാരണമായി ചൂണ്ടികാട്ടാവുന്നത്.

1) വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ- തികച്ചും അഗതികളായവരെ കണ്ടെത്താൻ സാധിക്കാത്തതിനാലും , പലരും ബന്ധുക്കളുടെ സംരക്ഷണത്തിൽ കഴിയുന്നതിനാലും പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ല.

2) വീട് ആവശ്യമുള്ളവർ- സ്വന്തമായി സ്ഥലം ഉണ്ടായിരുന്ന അഗതികൾ, ബന്ധുക്കളുടെ സംരക്ഷണത്തിൽ എത്തിചേർന്നതിനാൽ സ്ഥലം അവരുടെ പേരിൽ എഴുതി നൽകി. മേൽ കാരണത്താൽ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാതെ പോയി.

3) വീട് അറ്റകുറ്റപ്പണി,കക്കൂസ്,കുടിവെള്ളം, കറൻറ് - ഉണ്ടായിരുന്ന ഭൂമിയും വീടും അവരെ പരിപാലിക്കുന്ന ബന്ധുക്കൾക്ക് നൽകിയതിനാൽ സാമ്പത്തിക സഹായം നൽകാൻ പറ്റാത്ത അവസ്ഥ വന്നു.

ഒന്നാം ഘട്ടത്തിലെ 462300/- രൂപയും രണ്ടാം ഘട്ടത്തിലെ 570525/- രൂപയും അടക്കം ആകെ 1032825/- രൂപ ഇനിയും ചെലവഴിക്കാൻ അവശേഷിക്കുന്നതിനാൽ സമൂഹത്തിലെ ഏറ്റവും അശരണരും ,ദാരിദ്ര്യരുമായ അഗതികളെ കണ്ടെത്തി പദ്ധതിയിൽ കീഴിൽ വിഭാവനം ചെയ്ത മേഖലകൾ ഏതെല്ലാം എന്ന് കണ്ടെത്തി സഹായം എത്തിച്ചേരാത്ത മേഖലകളിൽ ആയത് എത്തിക്കുന്നതിനുവേണ്ട നടപടികൾക്ക് മുൻഗണന നൽകി പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25000 | കറവ പശുക്കൾക്ക് കാലിത്തീറ്റ് സബ്സിഡി,9/16 | 25000 | 0 |
| | 40200 | നെൽകൃഷിക്ക് വിത്തും കൂലിചെലവ് സബ്സിഡിയും,118/16 | 40200 | 0 |
| | 150000 | ശാരീരികമാനസിക വെല്ലു വിളികൾ നാരിടുന്നവർക്കുള്ള പഠന സഹായം,12/16 | 107000 | 43000 |
| ജില്ലാ പഞ്ചായത്ത് | 350000 | ദാദ കമ്പനി റോഡ് മെറ്റലിംഗ് ടാറിംഗ് | 349988 | 12 |
| | 500000 | പാഴായി ആർ കെ എൽ പി സ്കൂൾ റോഡ് റീ ടാറിംഗ് | 499558 | 442 |
| | 250000 | ഗ്രേസ് കമ്പനി റോഡ് റീ ടാറിംഗ്,സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | 249244 | 756 |
| | 125000 | മടവാക്കര ലിഫ്റ്റ് ഇറിഗേഷൻ | 124773 | 227 |

| | | | | |
|---|---|---|---|---|
| | 250000 | പുലക്കാട്ടുകര തലവണിക്കര റോഡ് റീ ടാറിംഗ്,കാന നിർമ്മാണം | 249723 | 277 |
| | 400000 | നെന്മണിക്കര റോഡ് റീ ടാറിംഗ് | 399789 | 211 |

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ കെ.എസ്.എ.ബി, ഒല്ലൂർ | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 1207,1101 DD no 470778/ 7.4.2016 | 32782 | 43792 | ഇല്ല | 0 |
| ഇലക്ട്രിക്കൽ സെക്ഷൻ കെ.എസ്.എ.ബി, മരത്താക്കര | “ | 1207 DD no 470789/ 7.4.2016 | 10920 | | ഇല്ല | |
| ഇലക്ട്രിക്കൽ സെക്ഷൻ കെ.എസ്.എ.ബി, | ട്രാൻസ്ഫോർമറും ഇലക്ട്രിക്ക് പോസ്റ്റുകളും | 99 DD no 467336/ | 28560 | 28560 | ഇല്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഒല്ലൂർ | മാറ്റി സ്ഥാപിക്കൽ | 18.2.2016 | | | | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3697 രൂപ ഈടാക്കിയിട്ടുണ്ട്

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2004-05<br>3-7(i) | 2009-10<br>2-8(ii) | വിവിധ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കത്തത് | പദ്ധതി രേഖകളും മറ്റു ഫയലുകളും ഓഫീസിൻ സൂക്ഷിച്ചിട്ടുള്ളത് ലോക്കൽ ഫണ്ട് |

| | | | |
|---|---|---|---|
| | | | |
| 2004-05<br>3-7(ii) | 2009-10<br>2-10(ii) | “ | ഓഡിറ്റിൽ 6.11.2014ൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ് |

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| | പി.എച്ച്.സി നെന്മണിക്കര | 22.7.02 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | |

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32576891 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40582646 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65000 | ശ്രീ പി.എസ്.വത്സൻ'സെക്രട്ടറി |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെവിവരം |
|---|---|
| 84-85,85-86,86-87, 87-88,<br>89-90, 91-92,92-93,93-94 | എൽ എഫ് (ടി എസ് 2)-1399/28.10.11<br>/3.12.11 |
| 1994-95,1995-96,1996-97(ചെലവ്)<br>,1997-98,1998-99(ചെലവ്),<br>1999-2000 | കെ.എസ്.എ.ടി.എസ്.ആർ(പി6)266/16<br>/27.02.16<br>ഓഡിറ്റ് അദാലത്ത് 18.02.16) |
| 2000-01,01-02<br>(ജനകീയാസൂത്രണം) | എൽ.എഫ് ടി9-1565/03/12.04.04 |
| 2000-01 | എൽ.എഫ് ടി9-193/04/7.8.04 |
| 2001-02 | എൽ.എഫ് ടി9-192/04/7.8.04 |
| 2002-03 | എൽ.എഫ് ടി9-392/05/18.6.05<br>/14.11.05 |
| 2003-04 | എൽ.എഫ് ടി9-1704/08/21.8.09 |
| 2004-05 | എൽ.എഫ് ടി9-1705/08/21.8.09 |
| 2005-06 | എൽ.എഫ് ടി9-1560/09/25.9.10 |
| 2006-07 | എൽ.എഫ് ടി9-1561/09/25.9.10<br>/08.06.11 |

| | |
|---|---|
| 2007-08 | എൽ എഫ് ടി(പി2)883/12/10.09.12 |
| 2008-09 | എൽ എഫ് ടി(പി2)884/12/10.09.12 |
| 2009-10 | എൽ എഫ് ടി(പി2)885/12/10.09.12 |
| 2010-11 | എൽ എഫ് ടി(പി2)886/12/10.09.12 |
| 2011-12 | എൽ എഫ് ടി(പി2)371/13/16.07.13 |
| 2012-13 | എൽ എഫ് ടി(പി2)188/14/11.09.14 /12.11.14 |
| 2013-14 | എൽ എഫ് ടി(പി6)187/15/11.05.15 /8.7.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 6)941/16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തൃശ്ശൂർ

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6 )1908 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി 04.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1.2011 ലെ കേരള അക്കൗണ്ട്സ്ചട്ടളിലെ ചട്ടം 62(2) ൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ,സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2.ആസ്തികളുടെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

3.ചട്ടം 10(1) മുതൽ(2) വരെ ,ചട്ടം 13 എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

AUDIT CERTIFICATE

No.KSA-TSR(P6)1908/16

Office of the Joint Director of
Kerala State Audit Department,
District Audit Office, Thrissur
PIN 680 020 Dated 04.11.2016
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Nenmanikkara Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nenmanikkara Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture

of income and expenditure.

1.As per the directions, contained in Rule 62(2) of Kerala Accounts Rule 2011, the comparison of expediture statements of previous year has not been recorded in AFS .

2.Total value of assets created are not calculated and entered in the balance sheet .

3. Own fund vouchers not separated on the basis of funds as prescribed in rule 10(1-5) & rule 13 of Kerala Accounts Rule 2011

DEPUTY DIRECTOR

District Audit Office,Thrissur